## ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2640

# വ്യാപാർ മിത്ര

(വ്യാപാരികൾക്കും ചെറുകിട വ്യവസായികൾക്കുമുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് വായ്പാ പദ്ധതി)

## വായ്പാ ഉപനിബന്ധനകൾ

1. ബാങ്കിന്റെ പ്രവർത്തനപരിധിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകൃതവും നിലനിൽക്കുന്നതുമായ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന വ്യാപാരികൾക്കും ചെറുകിട വ്യവസായികൾക്കും ജെ എൽ ജി വ്യവസ്ഥയിൽ കൂട്ടുത്തരവാദിത്തമുള്ള വായ്പകൾ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്.

2. നാല് അംഗങ്ങൾ ചേർന്ന ഒരു ഗ്രൂപ്പിന് പരമാവധി 2,00,000 രൂപയാണ് വായ്പയായി അനുവദിക്കുക. ഒരു അംഗം യാതൊരു കാരണവശാലും 50000 രൂപയിലധികം ഇതിൽ നിന്നും കൈപ്പറ്റാൻ പാടുള്ളതല്ല. ഗ്രൂപ്പിന് നല്കിയ വായ്പ ഒരൊറ്റ വായ്പയായാണ് കണക്കാക്കുക. ഈ തുക ഓരോ അംഗങ്ങളും വീതിച്ചെടുക്കുന്നതും വ്യക്തിഗത തിരിച്ചടവും സംബന്ധിച്ച കണക്കുകൾ ഗ്രൂപ്പ് അംഗങ്ങൾ തമ്മിൽ പരസ്പരബോധ്യത്തോടെ സൂക്ഷിക്കേണ്ടതും തമ്മിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ബാങ്കിന് യാതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല

3. നാലുപേർക്കും മൊത്തം വായ്പാ തുകയുടെ തുല്യബാധ്യത ഉണ്ടായിരിക്കും. അതായത്, ഗ്രൂപ്പിന് അനുവദിക്കുന്ന മൊത്തം വായ്പാ തുക അടവാക്കാനുള്ള ബാധ്യത ഓരോരുത്തർക്കും കൂട്ടായും ഉണ്ടായിരിക്കും.

4. വായ്പയുടെ പലിശനിരക്ക് പ്രതിവർഷം 12% ആയിരിക്കും. (കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം കിഴിവ് പലിശയിൽ അനുവദിക്കുന്നതാണ്. അത്തരം വായ്പകളിൽ ഫലത്തിൽ 11% മാത്രമേ പലിശ ഈടാക്കുകയുള്ളൂ.) 2 വർഷമായിരിക്കും വായ്പയുടെ കാലാവധി. മുതലും പലിശയുമുൾപ്പെട്ട പ്രതിമാസ ഗഡുക്കൾ ആയി തിരിച്ചടയ്ക്കേണ്ടതാണ്.

5. ബാങ്കിന്റെ ദൈനം ദിന നിക്ഷേപ കളക്ഷൻ സ്കീം ആയ പിഗ്മി നിക്ഷേപവുമായി ബന്ധപ്പെടുത്തിയാണ് വായ്പ അനുവദിക്കുക. തിരിച്ചടവ് സംബന്ധിച്ച് ഒരു ഡിക്ലറേഷൻ കളക്ഷൻ ഏജന്റ് നൽകേണ്ടതാണ്. ഈ വായ്പകളിലേയ്ക്ക് ദിന നിക്ഷേപ സ്കീമിൽ തുക വാങ്ങേണ്ട ഉത്തരവാദിത്തം കളക്ഷൻ ഏജന്റിന് ഉണ്ടായിരിക്കും. ദിനനിക്ഷേപത്തിൽ അടവാക്കുന്ന തുക മൂന്നു മാസം കൂടുമ്പോഴാണ് വായ്പയിലേക്ക് വരവുവെക്കുക. വായ്പയ്ക്ക് അപേക്ഷിക്കുന്നതിന് 15 ദിവസം മുൻപെങ്കിലും പിഗ്മി നിക്ഷേപ എക്കൗണ്ട് തുടങ്ങി അതിൽ തുക അടച്ചു തുടങ്ങേണ്ടതാണ്. ഈ പാസ്ബുക്കിന്റെ ഒരു സ്റ്റേറ്റ് മെന്റ് ഓഫ് എക്കൗണ്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6. ജെ എൽ ജിയുടെ ആദ്യ യോഗം ബ്രാഞ്ച് മാനേജരുടെയും കളക്ഷൻ ഏജന്റിന്റെയും സാന്നിധ്യത്തിൽ ചേർന്ന് വ്യവസ്ഥകൾ ചർച്ച ചെയ്ത് അംഗീകരിച്ച് മിനുട്ട്സ് തയ്യാറാക്കി എല്ലാവരും ഒപ്പിട്ട് ഒരു കോപ്പി വായ്പാ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ യോഗത്തിൽ വെച്ച് ജെ എൽ ജിയ്ക്ക് ഒരു ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. ഗ്രൂപ്പിലെ മറ്റ് അംഗങ്ങളും തന്നോടൊപ്പം വായ്പയിലേക്ക് കൃത്യമായി തിരിച്ചടവ് നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് ലീഡറുടെ ചുമതലയാണ്.

7. ഈ വായ്പ സംബന്ധിച്ച് വായ്പക്കാർ അംഗമായിട്ടുള്ള വ്യാപാരി - വ്യവസായി സംഘടനയുടെ ഒരു ലെറ്റർ കം ഡിക്ലറേഷൻ വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. നിലവിൽ ഒരു ആൾജാമ്യ വായ്പ ഈ ബാങ്കിൽ നിന്നും എടുത്ത ഇടപാടുകാർക്ക് പൊതുവിൽ ഈ വായ്പാ സ്കീം പ്രകാരം വായ്പ ലഭ്യമല്ല. എന്നാൽ, മുൻപ് എടുത്ത ആൾജാമ്യ വായ്പ പകുതിയെങ്കിലും കൃത്യമായി തിരിച്ചടയ്ക്കുകയും 29.02.2020 ന് ആ വായ്പയിൽ കുടിശ്ശിക ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ഈ സ്കീം പ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

9. 29.02.2020 ന് സ്വർണപണയ വായ്പ ഒഴികെ മറ്റേതെങ്കിലും വായ്പ അക്കൗണ്ടിൽ ഈ ബാങ്കിൽ കുടിശ്ശിക നിലനില്ക്കുന്ന അംഗങ്ങൾക്ക് ഈ വായ്പാ സ്കീം പ്രകാരം യാതൊരു കാരണ വശാലും വായ്പ അനുവദിക്കുന്നതല്ല.

*Contd.... Page 2*

10. മുൻപ് ഏതെങ്കിലും അവസരത്തിൽ വായ്പ എടുത്ത് റിക്കവറിയ്ക്കായുള്ള നിയമ നടപടികൾ (എ ആർ സി / സെക്യൂരിറ്റൈസേഷൻ) സ്വീകരിക്കേണ്ടിവന്ന അംഗങ്ങളും ഈ വായ്പാ സ്കീമിൽ അപേക്ഷിക്കാൻ പാടുള്ളതല്ല. ഇത്തരം കേസുകളിൽ ബ്രാഞ്ച് മാനേജർക്ക് ഉത്തമ ബോധ്യം ഉള്ള പക്ഷം അപേക്ഷിയ്ക്കാൻ അനുവദിക്കാവുന്നതാണ്. മാനേജർ ഇത് സംബന്ധിച്ച കത്ത് അപേക്ഷയോടൊപ്പം ഫോർവേഡ് ചെയ്യേണ്ടതാണ്.

11. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ ആദ്യ യോഗത്തിൽ ഗ്രൂപ്പിന് ഒരു പേര് നിശ്ചയിക്കേണ്ടതും ഗ്രൂപ്പിന്റെ പേരിൽ നാലു പേരും കൂടി ഓപ്പറേറ്റ് ചെയ്യുന്ന തരത്തിൽ ഒരു സേവിംഗ് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. ഈ അക്കൗണ്ടിലേയ്ക്കാണ് വായ്പാതുക ക്രെഡിറ്റ് ചെയ്ത് നല്കുന്നത്.

12. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ പേരിൽ ബാങ്കിൽ പ്രത്യേക മെമ്പർഷിപ്പ് എടുക്കേണ്ടതാണ്. വായ്പാ തുകയുടെ 5% ഓഹരി ജെ എൽ ജി ഗ്രൂപ്പിന്റെ പേരിൽ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ അംഗത്തിനും ബാങ്കിൽ മെമ്പർഷിപ്പ് ഉണ്ടായിരിക്കേണ്ടതാണ്.

**13. വ്യാപാരി വ്യവസായി സംഘടനയുടെ ചുമതല :**
അപേക്ഷകരായ സംഘടനാ അംഗങ്ങൾക്ക് വായ്പ നൽകുന്നതിനായി ആവശ്യമായ ശുപാർശ നൽകേണ്ടതാണ്. വായ്പയിലേയ്ക്ക് കൃത്യമായി ഗഡുക്കൾ അടയ്ക്കുന്നുവെന്ന് ഓരോ ഘട്ടത്തിലും ഉറപ്പുവരുത്തുക. വായ്പ കൃത്യമായി അടയ്ക്കുമെന്ന് ഉറപ്പുള്ളവർക്ക് മാത്രം ശുപാർശ ചെയ്യുക.

**14. ബ്രാഞ്ച് മാനേജരുടെ പ്രത്യേക ചുമതല :**
അപേക്ഷകരുടെ ബിസിനസ്സ് സ്ഥലം സന്ദർശിക്കുക. വായ്പ തിരിച്ചടയ്ക്കാൻ ആവശ്യമായ വരുമാനം ഉണ്ടെന്ന് ഉറപ്പുവരുത്തുക. അപേക്ഷകർ തന്നെയാണ് അപേക്ഷകരുടെ പേരിലുള്ള ലൈസൻസ് ഉപയോഗിച്ച് ബിസിനസ്സ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുക. അപേക്ഷകരുടെ യോഗം വിളിച്ചുചേർത്ത് നിബന്ധനകൾ വിശദീകരിച്ച് ചർച്ച ചെയ്യുക. നിബന്ധനകൾ പൂർണ്ണമായി അംഗീകരിക്കുന്നവർക്ക് മാത്രം വായ്പ ശുപാർശ ചെയ്യുക. വായ്പയുടെ തിരിച്ചടവ് എല്ലാ മാസവും വിലയിരുത്തി ഫോളോ അപ്പ് നടത്തുകയും തിരിച്ചടവ് മുടങ്ങുന്ന പക്ഷം ബാങ്കിന്റെ പൊതു നയം അനുസരിച്ച് താമസം കൂടാതെ നോട്ടീസുകൾ അയയ്ക്കുക, നേരിട്ട് സന്ദർശിക്കുക, റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ശുപാർശ ചെയ്യുക.

**15. കളക്ഷൻ ഏജന്റിന്റെ ചുമതല :**
എല്ലാ പ്രവൃത്തി ദിവസങ്ങളിലും വായ്പക്കാരന്റെ ബിസിനസ്സ് സ്ഥലം സന്ദർശിച്ച് വായ്പയിലേക്ക് അടയ്ക്കാനുള്ള നിശ്ചിത തുക വാങ്ങി വരവുവെയ്ക്കുക. ആവശ്യമായ അളവിൽ തുക നൽകുന്നില്ലെങ്കിൽ ആയത് രേഖാമൂലം ബ്രാഞ്ച് മാനേജർക്ക് വിവരം എഴുതി നൽകുക. വായ്പക്കാരനുമായി ബന്ധം പുലർത്തി വായ്പയിലേയ്ക്ക് ഗഡുക്കൾ വാങ്ങേണ്ട ചുമതലയും അഥവാ, ഗഡുക്കൾ നൽകാത്ത അവസ്ഥ വന്നാൽ ആയത് മാനേജരുടെ ശ്രദ്ധയിൽ പെടുത്തേണ്ട ചുമതലയും ഏജന്റിന്റേതായിരിക്കും.

16. ഈ വായ്പാ ഉപനിബന്ധനയിലെ ഏതെങ്കിലും വ്യവസ്ഥ ഉപേക്ഷിക്കാനോ മാറ്റം വരുത്താനോ, വ്യവസ്ഥകൾ കൂട്ടിച്ചേർക്കാനോ, വായ്പാ സ്കീം നിർത്തലാക്കാനോ ഭരണസമിതിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ഇതിലെ ഏതെങ്കിലും വ്യവസ്ഥകൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ, സർക്കാരുകളുടെയോ നിയമങ്ങൾക്കോ വ്യവസ്ഥകൾക്കോ, ബാങ്കിന്റെ നിയമാവലിവ്യവസ്ഥകൾക്കോ എതിരായി വരുന്ന പക്ഷം ഈ വായ്പാ ഉപനിബന്ധനയിലെ അത്തരം വ്യവസ്ഥകൾ നിലനില്ക്കുന്നതല്ല.

(ബാങ്ക് ഭരണസമിതിയുടെ ........................ തീയതിയിലെ ............................... നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചത്)

****** @ ******